സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടിക്രമം

(സാന്നിദ്ധ്യം : ജി.ബൈജു)

**സംഗ്രഹം**

**കോവിഡ് – 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ താൽക്കാലികമായി നിർത്തി വച്ചിരുന്ന അന്നദാനം പുനരാരംഭിക്കുന്നത് സംബന്ധിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**R.O.C. 35/23/NS** **നന്തൻകോട്, 13/09/2023**

---

പരാമർശം : 13/09/2023 ലെ ബോർഡ് തീരുമാനം

**ഉത്തരവ്**

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ അന്നദാനം താൽക്കാലികമായി നിർത്തി വച്ചിരുന്നു.

കോവിഡ് നിയന്ത്രണങ്ങളിൽ ഇളവുകൾ വരുത്തിയിട്ടുള്ള സാഹചര്യത്തിൽ, കോവിഡിന് മുമ്പ് അന്നദാനം നടത്തിയിരുന്ന എല്ലാ ക്ഷേത്രങ്ങളിലും നിലവിലുള്ള ഉത്തരവുകൾക്കും നിബന്ധനകൾക്കും വിധേയമായി തുടർന്നും അന്നദാനം നടത്തുന്നതിന് അനുവദിച്ചും അന്നദാന സമിതികൾ നടത്തിയിരുന്ന ക്ഷേത്രങ്ങളിൽ ദേവസ്വത്തിന്റെ ചുമതലയിൽ നേരിട്ട് അന്നദാനം നടത്തുന്നതിന് അനുവദിച്ചും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തിയും ബോർഡുത്തരവാകുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി**
**(ഒപ്പ്)**
**സെക്രട്ടറി**

പകർപ്പ് :

1. ദേവസ്വം കമ്മീഷണർ
2. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
3. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
4. ഐ.റ്റി. സെക്ഷൻ
5. മിനിട്സ്
6. സെക്ഷൻ ഫയൽ
7. ആഫീസ് കോപ്പി
8. ഫയൽ ബുക്ക്

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി